**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **24-08-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള "മെഡിസെപ്പ്" ഇൻഷ്വറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കമ്പനി നിരന്തരം ആശുപത്രികളുമായി ബന്ധപ്പെട്ടുകയും ചർച്ചകൾ നടത്തിവരുകയുമാണ്.** |
| (ബി) | എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കമ്പനി നിരന്തരം ആശുപത്രികളുമായി ബന്ധപ്പെട്ടുകയും ചർച്ചകൾ നടത്തിവരുകയുമാണ്.** |
| (സി) | തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ പട്ടികയിൽ ജില്ലയിലെ പ്രധാനപ്പെട്ട ആശുപശത്രികൾ ഇല്ലെന്നും നേത്രരോഗ ആശുപത്രികളുടെ എണ്ണം കൂടുതലാണ് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം സംജാതമായതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | തിരുവനന്തപുരം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പി.ആർ.എസ്, ഗോകുലം മെഡിക്കൽ കോളേജ്, അനന്തപുരി തുടങ്ങിയ പ്രധാന ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനുള്ള ചർച്ചകൾ സജീവമായി കമ്പനി നടത്തിവരുകയാണ്. മെഡിസെപ് ഗുണഭോക്താക്കളിൽ പകുതിയിലധികം വരുന്നത് പെൻഷൻകാരായതിനാൽ നേത്ര സംബന്ധമായി ചികിത്സകൾ കൂടുതലായി ആവശ്യം ഉണ്ടാകും എന്നും ആയത് അടുത്തുള്ള നേത്രരോഗ ആശുപത്രികളിൽ തന്നെ ചികിത്സ ലഭ്യമാക്കുക എന്ന കാരണത്താലുമാണ് ഇത്തരം ആശുപത്രികളുടെ എണ്ണം കൂടിയത്. |
| (ഡി) | അവിവാഹിതരായവർക്കും, നിയമപരമായി വിവാഹമോചനം നേടിയവർക്കും അവരുടെ മാതാപിതാക്കളെ മെഡിസെപ്പിൽ ഗുണഭോക്താവായി ഉൾപ്പെടുത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | **എല്ലാ ജീവനക്കാർക്കും പൂർണ്ണമായും അവരെ ആശ്രയിച്ച് ജീവിക്കുന്ന മാതാപിതാക്കളെ പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ ഉൾപ്പെടുത്താ വുന്നതാണ്. എന്നാൽ പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ** |

| | | | |
|---|---|---|---|
| | | | **പദ്ധതിയിൽ ഗുണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളൂ.** |
| (ഇ) | ഭാവിയിൽ മാതാപിതാക്കളെ ഗുണഭോക്താവായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | **എല്ലാ ജീവനക്കാർക്കും പൂർണ്ണമായും അവരെ ആശ്രയിച്ച ജീവിക്കുന്ന മാതാപിതാക്കളെ പദ്ധതിയിൽ ഗുണഭോക്താവായി നിലവിൽ ഉൾപ്പെടുത്താ വുന്നതാണ്. എന്നാൽ പെൻഷൻകാർക്ക് അവരുടെ പങ്കാളിയേയും മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും (പ്രായപരിധി ബാധകമല്ല) മാത്രമേ പദ്ധതിയിൽ ഗുണഭോക്താവായി ചേർക്കാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ